പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1507 | 02.07.2015 ലെ മറുപടിയ്ക്ക്

**നവീന കൃഷിരീതികൾ**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.പി.കെ.ബഷീർ | | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) നവീന കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | നവീന കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിന് 2015-16-ൽ കൃഷി വകുപ്പ് നടപ്പാക്കുന്ന പച്ചക്കറി വികസന പദ്ധതിയിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതനുസരിച്ച് താഴെ വിശദമാക്കുന്ന നവീന കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിന് ധനസഹായം നൽകി വരുന്നു.<br><br>**1. മഴമറകൾ മുഖേനയുള്ള പച്ചക്കറി കൃഷി :-**<br>കാലാവസ്ഥാ വ്യതിയാനത്തിന്റെ ദോഷഫലങ്ങൾ ബാധിക്കാതെ എല്ലാ കാലത്തും വിജയകരമായി പച്ചക്കറി കൃഷി നടപ്പിലാക്കാൻ മഴമറകൾ ഉപയോഗിച്ചു വരുന്നു. അധികമായ വേനലോ, മഴയോ മഴമറകൾക്കുള്ളിലെ കൃഷിയെ ബാധിക്കാത്തതിനാൽ എല്ലാ കാലത്തും സുരക്ഷിതമായി വിളവെടുക്കാൻ കഴിയുന്നു. 100 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള മഴമറകൾ സ്ഥാപിക്കുന്നതിന് 67000/- രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. കൃഷി വകുപ്പ് സഹായധനമായി 50000/- രൂപ നൽകുന്നു. സംസ്ഥാനത്തൊട്ടാകെ 800 മഴമറകൾ സ്ഥാപിക്കുന്നതിന് 400 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>**2. വളപ്രയോഗത്തോടു കൂടിയ സൂക്ഷ്മജലസേചനം :-**<br>വളപ്രയോഗം കൂടി ഉൾപ്പെടുത്തി പച്ചക്കറിയ്ക്ക് സൂക്ഷ്മ ജലസേചന സൗകര്യം ലഭ്യമാക്കാൻ ധനസഹായം നൽകുന്നുണ്ട്. 50 സെന്റ് സ്ഥലത്ത് വളപ്രയോഗം ഉൾപ്പെടെയുള്ള സൂക്ഷ്മ ജലസേചന പദ്ധതി പ്രകാരം പച്ചക്കറി കൃഷി ചെയ്യുന്നതിന് 30000/- രൂപയാണ് സഹായം നൽകുന്നത്. സംസ്ഥാനത്ത് 50 സെന്റിന്റെ 1400 പച്ചക്കറി പ്ലോട്ടുകൾ നടപ്പിലാക്കുന്നതിനും 420 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>ഈ രണ്ടു ഘടകങ്ങളും നടപ്പിലാക്കുവാനുള്ള പ്രവർത്തന നിർദ്ദേശങ്ങളും ആവശ്യമായ തുകയും എല്ലാ ജില്ലകൾക്കും നൽകിക്കഴിഞ്ഞു. ഗുണഭോക്താക്കളെ കണ്ടെത്താനും പദ്ധതി നടപ്പിലാക്കുവാനുമുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |
| (ബി) നവീന കൃഷിരീതികൾ വികസിപ്പിക്കുന്നതിന് കാർഷിക സർവ്വകലാശാല പരിപാടികൾ നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | പുതിയ സാങ്കേതിക വിദ്യകൾ കുട്ടുപിടിച്ച് കൃഷിയിടങ്ങളിൽ പരീക്ഷണം നടത്തി സർവ്വകലാശാലയുടെ "വിളകളുടെ പാക്കേജ് ഓഫ് പ്രാക്ടീസ്" ൽ ഉൾക്കൊള്ളിച്ച് അത് ഏവർക്കും ലഭ്യമാകത്തക്കവണ്ണം പ്രസിദ്ധീകരിക്കുകയും മാതൃകാ തോട്ടങ്ങൾ വഴി അവ പ്രദർശിപ്പിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ ഇത് സംബന്ധിച്ച് |

| | |
|---|---|
| | ശില്പശാലകൾ നടത്തുകയും കൃഷി വിജ്ഞാന കേന്ദ്രങ്ങൾ മുഖേന എല്ലായിടത്തും എത്തിക്കുകയും ചെയ്യുന്നുണ്ട്. ഇതിന് പുറമെ കൃഷി വകുപ്പ് മുഖേന കൃഷിക്കാരിലേക്കും എത്തിക്കുന്നു. വിത്ത്, നടീൽ വസ്തുക്കൾ കേരളത്തിലുടനീളം സർവ്വകലാശാലയുടെ വിവിധ കേന്ദ്രങ്ങളിൽ ലഭ്യമാക്കുന്നു. |
| **(സി)** നവീന കൃഷിരീതികളുമായി ബന്ധപ്പെട്ട് ആവശ്യമായ സാങ്കേതിക സൗകര്യ വികസനത്തിന് നടപടി സ്വീകരിക്കുമോ ? | **(സി)** നവീന കൃഷിരീതികളുമായി ബന്ധപ്പെട്ട് സാങ്കേതിക സൗകര്യങ്ങളുടെ വികസനത്തിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**